നം.കെഎസ്എ-കെടിഎം.പി.13-818/17 തീയതി: 05.06.2017

# കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.12.2016 മുതൽ 22.05.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.05.2017 മുതൽ 30.05.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ.ആർ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സുനിത.എം.എസ്, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.രഞ്ജിത്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ലൂക്കോസ് കുര്യൻ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ബെന്നി തോമസ് | 1.4.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീമതി ബിന്ദു.എ.ജോയ് | 1.4.2016 മുതൽ 23.4.2016 വരെ |
| | ശ്രീമതി സോണിയ.പി.മാത്യു(ഇൻ ചാർജ്ജ്) | 24.4.16 മുതൽ 20.5.2016വരെ |
| | ശ്രീമതി ബിന്ദു.എ.ജോയ് | 21.5.16 മുതൽ 26.7.2016വരെ |
| | ശ്രീമതി മിനിജ.പി.തോമസ്(ഇൻ ചാർജ്ജ്) | 27.7.16 മുതൽ 31.7.2016വരെ |
| | ശ്രീമതി ബിന്ദു.എ.ജോയ് | 01-08-16 മുതൽ 05.8.2016വരെ |
| | ശ്രീമതി മിനിജ.പി.തോമസ്(ഇൻ ചാർജ്ജ്) | 06-08-16 മുതൽ 28.8.2016വരെ |
| | ശ്രീമതി ആശാറാണി.റ്റി (ഇൻ ചാർജ്ജ്) | 29-08-16 മുതൽ 23.10.2016വരെ |

| | | |
|---|---|---|
| | ശ്രീ. ജോമോൻ മാത്യു | 24.10.16 മുതൽ 31.3.2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി സോണിയ.പി. മാത്യു<br>ശ്രീമതി ആശാറാണി.റ്റി | 1.4.16 മുതൽ 17.8.16വരെ<br>18.8.16 മുതൽ 31.3.17വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. മഹേഷ്.പി.മോഹൻ<br>ശ്രീ.യു.അഹമ്മദ് കബീർ | 1.4.2016 മുതൽ 13.3.17വരെ<br>13.3.2017 മുതൽ31.3.17വരെ |
| കൃഷി ഓഫീസർ | ശ്രീ.ജിജോ ജോസ് | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.സുജ.എം.ചാക്കോ | 1.4.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ. | ശ്രീമതി.ബെറ്റ്സി തോമസ് | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.രാജേഷ് എബ്രഹാം | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഷെറീന | 1.4.2016 മുതൽ 19.1.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സിന്ധു ട്രീസ മൈക്കിൾ | 20.1.2017 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.പി.ഐശ്വര്യ | 1.4.2016 മുതൽ 05.6.2016 വരെ |
| | ഡോ.അഞ്ജലി.വി | 05.6.2016 മുതൽ 23.8.2016 വരെ |
| | ഡോ.ഉഷാര.വി | 24.8.2016 മുതൽ 31.3.2017 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീ.രവീന്ദ്രൻ | 1.4.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി ജാസ്മിൻ.കെ | 1.4.2016 മുതൽ 31.3.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 പൊതു അവലോകനം |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യ പത്രിക |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |

| | |
|---|---|
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തര നിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | സാംഖ്യാ രസീത് നമ്പർ ക്രമം തെറ്റി ഉപയോഗിച്ചിരിക്കുന്നു. |
| 2-3 | മൊബൈൽ ടവർ- വസ്തു നികുതി പരിഷ്കരണം -പൂർത്തിയാക്കിയിട്ടില്ല |
| 2-4 | വസ്തുനികുതി -അനർഹമായ ഇളവ് നല്കി |
| 2-5 | കിറ്റ്സ് എൻജിനീയറിംഗ് കോളേജിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല |
| 2-6 | വിമുക്തഭടൻമാരുടെ ഭവനത്തിന് വസ്തുനികുതി - നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് |
| 2-7 | തൊഴിൽ നികുതി / സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച |
| 2-8 | ഡി & ഒ ട്രേഡ് ലൈസൻസ് നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച |
| 2-9 | പരസ്യ നികുതി ഈടാക്കാത്തത് സംബന്ധിച്ച് |
| 2-10 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല |
| | ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | കിണർ റീ ചാർജിംഗ് -മാതൃകാ പ്രോജക്റ്റ് |
| 3-2 | ആർ.ഡി.ബി ലോൺ തിരിച്ചടവ്-ഗ്രാമപഞ്ചായത്ത് വൻ സാമ്പത്തിക ബാദ്ധ്യതയിൽ |
| 3-3 | മഴക്കാല പൂർവ്വ ശുചീകരണം- സമ്പൂർണ്ണശുചിത്വയജ്ഞവിഹിതം ചെലവഴിക്കുന്നതു സംബന്ധിച്ച് |
| 3-4 | RGPSA വിഹിതം തനത് ഫണ്ടിൽ അവശേഷിക്കുന്നു. |
| 3-5 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റിന് നിക്ഷേപം --കുഴൽകിണർ സ്ഥാപിച്ചിട്ടില്ല |
| 3-6 | ഹെഡ് മാസ്റ്റർ ഗവൺമെന്റ് യു.പി സ്കൂൾ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ |
| 3-7 | കുട്ടമാവ് കുടിവെള്ളപദ്ധതി- മോട്ടോർ ഉപയോഗപ്പെടുത്തിയിട്ടില്ല |
| 3-8 | പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം--നിർവ്വഹണത്തിലെ അപാകതകൾ |
| 3-9 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമായിട്ടില്ല |
| 3-10 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല |
| 3-11 | എം.ജി.എൻ.ആർ.ഇ.ജി.എസ് |
| | ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |

| | |
|---|---|
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 01/03/2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 1127000 | 3105900.79 | 1978900.79 | |
| വരവ് | 65101000 | 36812114 | | 28288886 |
| ആകെ | 66228000 | 39918014.79 | | 26309985.21 |
| ചെലവ് | 65022000 | 33448284 | | 31573716 |
| നീക്കിയിരിപ്പ് | 1206000 | 6469730.79 | 5263730.79 | |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 18.05.2017 | ഇല്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു. | ഓഡിറ്റ് റിപ്പോർട്ടിന്റെ അതേ നമ്പരിലും തീയതിയിലും ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3105900.79 |
| വരവ് | 36812114 |
| ആകെ | 39918014.79 |
| ചെലവ് | 33448284 |
| നീക്കിയിരിപ്പ് | 6469730.79 |

## 1-5 ഫണ്ട് വിനിയോഗം

(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | സഞ്ചിതനിധിയിലേയ്ക്ക് തിരികെ പിടിച്ചത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8083890 | 8083890 | 7119935 | 963955 | 88.08 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1361928 | 1361928 | 887596 | 474332 | 65.17 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 257730 | 257730 | 146850 | 110880 | 56.98 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5208615 | 5208615 | 2234167 | 2974448 | 42.89 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2554755 | 2554755 | 1107797 | 1446958 | 43.36 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4534135 | 4534135 | 3362116 | 1172019 | 74.15 |
| ലോക ബാങ്ക് സഹായം | 0 | 2078602 | 2078602 | 1393156 | 685446 | 67.02 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 40147148 | 81 | 21600441 | 1 | 70 | 53.29 |

2016-17 വാർഷിക പദ്ധതിക്ക് 27-8-16-ലെ I(2)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്തുകമ്മിറ്റിയുടെ അംഗീകാരവും 490/16/DPC/DPO/ 8.9.16 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരവും ലഭിച്ചു

പദ്ധതി ആസൂത്രണം

2016-17 വാർഷിക പദ്ധതിയുടെ രൂപീകരണഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 01-03-2016 |
| വികസനസെമിനാർ | 22-07-2016 |
| ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള ഗ്രാമസഭകൾ | 04-06-16 മുതൽ 12-06-16വരെ |
| വികലാംഗ ഗ്രാമസഭ | 21-06-2016 |

ഗ്രാമസഭ

2016-17 വർഷം രണ്ട് തവണ വിവിധ വാർഡുകളിൽ ഗ്രാമസഭ യോഗം ചേർന്നിട്ടുണ്ട്. വിവിധ ഓഡിറ്റ് ഏജൻസികളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിലവതരിപ്പിക്കുകയോ ചർച്ചചെയ്യപ്പെടുകയോ ഉണ്ടായിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതുപോലെ, ഗ്രാമസഭയുടെ കോറം തികയുന്നതിനുള്ള പങ്കാളിത്തം ഉറപ്പ

വരുത്തി എന്നു തെളിയിക്കുന്നതിന് മിനിട്ട്സ് ബുക്കിൽ യോഗങ്ങളുടെ ഫോട്ടോഗ്രാഫുകൾ ഉൾപ്പെടുത്തുകയും യോഗങ്ങളുടെ മിനിട്ട്സ് പങ്കെടുത്ത 10 പേർ സാക്ഷ്യപ്പെടുത്തുകയും ചെയ്യിട്ടില്ല. ഗ്രാമസഭ കൺവീനറും കോ-ഓർഡിനേറ്ററും മാത്രമാണ് ഗ്രാമസഭ യോഗ മിനിറ്റ്സ് ബുക്കുകളിൽ ഒപ്പ് വച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.
പദ്ധതിരൂപീകരണത്തിന്റെ ഭാഗമായി വിവിധ വർക്കിങ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് കാണുന്നു. 2016-17പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ഏതാനും ചില വർക്കിങ് ഗ്രൂപ്പുകൾ മാത്രമാണ് യോഗം ചേർന്നത്. വർക്കിങ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി മിനിറ്റ്സ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

<u>പദ്ധതി അവലോകനം</u>

2016-17 വർഷം തയ്യാറാക്കിയ 152 പ്രോജക്റ്റുകളിൽ 81 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കിയത്.ആകെ ചെലവ് ശതമാനം 53.8%. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ 75 പ്രോജക്ടുകളിൽ 21 എണ്ണം മാത്രമാണ് നടപ്പാക്കിയത് (28%). സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നേരിട്ട താമസവും സാങ്കേതികാനുമതി ലഭിക്കാനുണ്ടായ കാലതാമസവും ഇതിന് കാരണമായി ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും പദ്ധതിനിർവ്വഹണത്തെ ഇവ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. റോഡ്/റോഡിതര മെയിന്റനൻസ് ഗ്രാന്റുകളുടെ വിനിയോഗവും 50 ശതമാനത്തിൽ താഴെയാണ്. പദ്ധതി രൂപീകരണത്തിൽ വിവിധ തലങ്ങളിൽ വളരെയധികം മനുഷ്യവിഭവശേഷി ഉപയോഗിച്ച് തയ്യാറാക്കുന്ന പദ്ധതികൾ ഉപേക്ഷിക്കാതെ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായി

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3083206 | 6819772 | (+)3736566 |
| നികുതിയേതര വരവുകൾ | 434657 | 664325 | (+)229668 |
| മറ്റുവരവുകൾ | 16453887 | 29328017 | (+)12874130 |
| ആകെ | 19971750 | 36812114 | (+)16840364 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 68400 | 47 |
| കർഷകതൊഴിലാളി പെൻഷൻ | 1241770 | 129 |
| വിധവാപെൻഷൻ | 7708810 | 601 |
| വാർദ്ധക്യകാലപെൻഷൻ | 9867280 | 1262 |
| വികലാംഗപെൻഷൻ | 2142540 | 183 |
| അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 464180 | 41 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-05-17ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 8017/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. ഓഫീസ് ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരും കൃത്യനിർവ്വഹണം നടത്തുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റികളും ജനറൽ കമ്മറ്റിയും യഥാസമയം യോഗം ചേർന്ന് പഞ്ചായത്തിലെ സ്ഥിതിഗതികൾ വിലയിരുത്തുകയും അനുയോജ്യമായ തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച നിർവ്വഹണോദ്യോഗസ്ഥരുടെ യോഗവും ചേരുന്നുണ്ട്. രജിസ്റ്ററുകളുടെ പരിപാലനവും തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-05-17 | 4/2017 | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/06/2008 | 2007-08 | -- |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

2016-17 വർഷത്തെ വാർഷികകണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്രസോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്ന സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/LSGD .26.7.11)പാലിച്ചിട്ടില്ല.
2. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയറിലെ അപാകത പരിഹരിച്ചിട്ടില്ലാത്തതിനാൽ B15 ഷെഡ്യൂളിലെ വസ്തുനികുതി, ലൈബ്രറിസെസ്സ്, സർവ്വീസ് സെസ്സ് എന്നിവയിലെ കുടിശ്ശികയുടെ കൃത്യത വ്യക്തമല്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-2 സാംഖ്യാ രസീത് നമ്പർ ക്രമം തെറ്റി ഉപയോഗിച്ചിരിക്കുന്നു.

പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിലെ സാംഖ്യാ രസീതുകൾ ഉപയോഗിച്ചതിൽ 18.02.2017 തിയതിവരെ രസീത് നം. ക്രമമായി 11602103193 വരെ ഉപയോഗിച്ചതിനുശേഷം 20.02.2017 - ൽ രസീത് നം. 1163100001- ൽ ആരംഭിച്ച് തുടരുന്നതായി പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.02 ന് ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്ക് റ്റി.എ., പഞ്ചായത്തിലെ കമ്പ്യൂട്ടറിൽ സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തിയതിനുശേഷം വന്ന മാറ്റം ആണെന്നും ഇത് സംബന്ധിച്ച് ഐ.കെ.എം-ൽ പരാതി രജിസ്റ്റർ ചെയ്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം വന്ന അപാകത സംബന്ധിച്ച് ഐ.കെ.എം-ൽ നിന്ന് വിശദീകരണം തേടേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 മൊബൈൽ ടവർ- വസ്തു നികുതി പരിഷ്കരണം -പൂർത്തിയാക്കിയിട്ടില്ല

ജി.ഒ.(എം.എസ്.) 19/11/തസ്വഭവ തീയതി 14.01.11 ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13.10.11 ലെ I(2)(3)നമ്പർ തീരുമാനപ്രകാരം മൊബൈൽ ടവറുകളിൽ നിന്നുള്ള വസ്തുനികുതി ചതുരശ്രമീറ്ററിന് 500 രൂപ നിരക്കിൽ പരിഷ്കരിക്കുവാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 5 മൊബൈൽ ടവറുകളുടെ പരിഷ്കരിച്ച വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു.

| ക്രമ നം. | അസ്സസ്സ്മെന്റ് നം | മൊബൈൽ ടവർ കമ്പനി | വിസ്തീർണ്ണം (ച.മീറ്ററിൽ) | അടിസ്ഥാനനികുതി+ ലൈബ്രറി സെസ്+ സേവന നികുതി |
|---|---|---|---|---|
| 1 | II/177 | റിലയൻസ് ടെലികോം | 10 | 4000+200+800 |
| 2 | III/47 | എയർടെൽ ലിമിറ്റഡ് | 11.16 | 5580+279+1116 |
| 3 | III/190B | എയർടെൽ ലിമിറ്റഡ് | 12 | 5400+270+1000 |
| 4 | V/370 | വോഡഫോൺ സെല്ലുലാർ ലിമിറ്റഡ് | 9 | 3600+180+720 |
| 5 | IV/217 | BSNL | 7 | 3850+193+770 |

ഇവയുടെ നികുതി പരിഷ്കരണം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നികുതി നിർണ്ണയിച്ച ടവറുകളുടെ വിസ്തീർണ്ണം വളരെ കുറവാണ്.ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗവും (ടവർ നിൽക്കുന്ന സ്ഥലം - ഫൗണ്ടേഷനും, അനുബന്ധ മുറികൾക്കും ഉൾപ്പെടെ) വിസ്തീർണ്ണത്തിനായി പരിഗണിച്ചിട്ടില്ല.
2. ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റെടുത്ത എല്ലാ ടവറുകളുടേയും വസ്തുനികുതി പരിഷ്കരിച്ചുവെന്ന് ഉറപ്പാക്കിയിട്ടില്ല.
3. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം. 40395/RC2/2014/LSGD വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിച്ചിട്ടില്ല.

   ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മുഴുവൻ മൊബൈൽ ടവറുകളേയും കണ്ടെത്തി അവയുടെ കൃത്യമായ വിസ്തീർണ്ണം തിട്ടപ്പെടുത്തി നികുതി നിർണ്ണയിക്കേണ്ടതും നികുതി കുടിശ്ശിക സഹിതം ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-4 വസ്തുനികുതി -അനർഹമായ ഇളവ് നല്കി

2016-17 വർഷം വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും)ചട്ടങ്ങൾ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ ചുവടെ ചേർത്ത കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ കുറവ് വന്നതായി കാണുന്നു.

ശശി.വി.ജി, വള്ളാത്യാമല, ആനിക്കാട് എന്നയാളുടെ പേരിൽ 12/138 A ആയി നികുതി ചുമത്തിയ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് (88.99 ച.മീ) മേൽക്കൂരയുടെ അടിസ്ഥാനത്തിൽ 10 ശതമാനം ഇളവ് നല്കിയിട്ടുണ്ട്.

| | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|
| തറ വിസ്തീർണ്ണം | 88.99 | 88.99 |
| അടിസ്ഥാന നികുതി നിരക്ക് | 6 | 6 |
| അടിസ്ഥാന വസ്തു നികുതി | 533.94 | 533.94 |
| മേഖലാ ഇളവ് 10% | 53 | 53 |
| മേൽക്കൂരയുടെ അടിസ്ഥാനത്തിലെ ഇളവ് 10% | 53 | - |

| | | |
|---|---|---|
| ആകെ ഇളവ് | 106 | 53 |
| ഇളവുകൾക്കു ശേഷമുള്ള വാർഷിക വസ്തു നികുതി | 428 | 480.94 |
| ഈടാക്കേണ്ട ആകെ തുക | 428+22+150 | 481+24+168 |

ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9) നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് മറുപടി നല്കി. വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 കിറ്റ്സ് എൻജിനീയറിംഗ് കോളേജിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന കിറ്റ്സ് എൻജിനീയറിംഗ് കോളേജിന്റെ (PSN Trust for Education & Charity, Chengalam East) വസ്തു നികുതി 12-13 സാമ്പത്തിക വർഷം മുതൽ അടവാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ടി കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | കെട്ടിട നം. | വിസ്തീർണ്ണം | അസ്സസ് ചെയ്ത നികുതി |
|---|---|---|---|
| 1 | IV/104 | 299.47 | 1686 |
| 2 | IV/105 | 591.05 | 3511 |
| 3 | IV/106 | 591.05 | 3511 |
| 4 | IV/107 | 591.05 | 3881 |
| 5 | IV/108 | 3332.72 | 21872 |
| 6 | IV/109 | 2530.28 | 16606 |
| 7 | IV/110 | 2530.28 | 16606 |

ടി സ്ഥാപനത്തിന്റെ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വിമുക്തഭടൻമാരുടെ ഭവനത്തിന് വസ്തുനികുതി - നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

വിമുക്തഭടൻമാരുടെ ഭവനത്തിന് വസ്തുനികുതി ഒഴിവാക്കുന്നതു സംബന്ധിച്ച അപേക്ഷകൾ എല്ലാവർഷവും സ്വീകരിക്കുന്നുണ്ടെങ്കിലും ഇവരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല. ഇളവ് അനുവദിയ്ക്കുന്നതു സംബന്ധിച്ച ജി.ഒ.(എം.എസ്)നം.242/2013/തസ്വഭവ/2.7.13 ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിയ്ക്കേണ്ടതാണ്.

## 2-7 തൊഴിൽ നികുതി / സ്ഥാപന തൊഴിൽ ഈടാക്കുന്നതിൽ വീഴ്ച

പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം | തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | സപ്ലൈകോ സൂപ്പർ മാർക്കറ്റ് | I'st & II'nd | തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി |
| 2 | ബെവ്കോ | I'st & II'nd | സ്ഥാപന തൊഴിൽ നികുതി |
| 3 | കള്ളുഷാപ്പുകൾ (ആകെ ഷാപ്പുകളുടെ എണ്ണം ഷോപ്പ് നമ്പർ എന്നിവ ലഭ്യമല്ല) | I'st & II'nd | തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി |
| 4 | BSNL പള്ളിക്കത്തോട് | I'st & II'nd | സ്ഥാപന തൊഴിൽ നികുതി |
| 5 | ക്ഷീരസംഘങ്ങൾ (KUCS ആനിക്കാട്, ഇളംപള്ളി, കൈയൂര്) | I'st & II'nd | തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി |

തദ്ദേശ ഭരണ വകുപ്പ് സെക്രട്ടറി 27.11.98-ൽ എസ്.ബി.ടി ജനറൽ മാനേജർക്ക് അയച്ച കത്ത് നം 46915/എൽ.2 /97പ്രകാരം ഒരു ഗ്രാമപഞ്ചായത്ത്/ നഗരസഭയുടെ പ്രദേശത്ത് പ്രവർത്തിക്കുന്ന ഒരു ബാങ്കിന്റെ ഒന്നിലധികം ബ്രാഞ്ചുകൾ പ്രത്യേകം പ്രത്യേകം തൊഴിൽനികുതി ഒടുക്കേണ്ടതാണ്. എന്നാൽ ആനിക്കാട് റീജിയണൽ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ മെയിൻ ബ്രാഞ്ച് ഉൾപ്പെടെ ആറ് ബ്രാഞ്ച്കൾ (ടൗൺ ബ്രാഞ്ച്, അരുവിക്കുഴി ബ്രാഞ്ച്, മുക്കാലി ബ്രാഞ്ച്, കുറുംകുഴി ബ്രാഞ്ച്, ഇളംപള്ളി ബ്രാഞ്ച്) ഉണ്ടായിരിക്കെ ഒരു ബ്രാഞ്ചിന്റെ സ്ഥാപന തൊഴിൽ നികുതി മാത്രമാണ് ഈടാക്കുന്നത്.

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4 ന് ഈടാക്കാത്ത എല്ലാ സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 2-8 ഡി & ഒ ട്രേഡ് ലൈസൻസ് നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച

പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിലെ 2016-17കാലയളവിലെ ഡി&ഒ ലൈസൻസ് സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ ഡി & ഒ ട്രേഡ് ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽമേൽ തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടുകളിൽ സ്ഥാപനം പരിശോധിച്ച തീയതി, സ്ഥാപനത്തിലെ ജീവനക്കാരുടെ കൃത്യമായ എണ്ണം, ഉപയോഗിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം, യന്ത്രം സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചതിന്റെ വിശദാംശങ്ങൾ ലൈസൻസ് വ്യവസ്ഥകൾ പാലിക്കൽ, ഖര-ദ്രവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതി, സ്ഥാപനത്തിനെതിരെ പരിസരവാസികൾക്ക് പരാതിയുണ്ടോ, തുടങ്ങിയ കാര്യങ്ങൾ പരിശോധന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് പരിധിയിലെ കള്ള്ഷാപ്പുകൾ ഒന്നുപോലും ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല. ആയതിനാൽ കള്ള്ഷാപ്പുകൾ അനധികൃതമായി പ്രവർത്തിക്കുന്ന സാഹചര്യമാണ് ഉള്ളത്. ഇങ്ങനെ പ്രവർത്തിക്കുന്ന കള്ള്ഷാപ്പുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ വരുമാനമാർഗ്ഗം എന്നതിലുപരി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ സുരക്ഷിതമായും ശുചിത്വത്തോടുകൂടിയും സ്ഥാപനങ്ങളുടെ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനായി സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ഡി&ഒ ലൈസൻസ് നടപടിക്രമങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 2-9 പരസ്യ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

2016-17- ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിന് പരസ്യ നികുതി ഇനത്തിൽ യാതൊരു വരുമാനവും ലഭ്യമായിട്ടില്ല. വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്നതും കോട്ടയം, പൊൻകുന്നം എന്നി സിറ്റികൾക്ക് നടുവിലായി സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്ത് നിരവധി വ്യാപാര ശാലകൾ പ്രവർത്തിക്കുന്നതും പാലാ- പള്ളിക്കത്തോട് , കോട്ടയം- പള്ളിക്കത്തോട് എന്നീ പ്രധാന റോഡുകളും മറ്റ് പല PWD റോഡുകളും കടന്നുപോകുന്നതുമാണ്. ഓഡിറ്റിന്റെ പരിശോധനയിൽ വലുപ്പമേറിയതും ശ്രദ്ധയാകർഷിക്കുന്നതുമായ വളരെയധികം പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതായി കാണുവാൻ സാധിച്ചിട്ടുണ്ട്. പരസ്യ നികുതി പിരിച്ചെടുക്കേണ്ടതിനാവശ്യമായ ബൈലോ പാസ്സാക്കൽ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി പരസ്യ നികുതി പിരിച്ചെടുക്കേണ്ടതാണ്. പരസ്യ നികുതി ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനായി എറണാകുളം കോർപ്പറേഷൻ, വൈക്കം മുനിസിപ്പാലിറ്റി തുടങ്ങി പല തദ്ദേശ സ്ഥാപനങ്ങളും വിജയകരമായി നടപ്പിലാക്കിയ കുത്തക ലേലം ഒഴിവാക്കി പരസ്യ നികുതി പിരിവ് നേരിട്ട് നടത്തുന്ന രീതി പള്ളിക്കത്തോട് പഞ്ചായത്തിനും പിൻതുടരാവുന്നതാണ്.

## 2-10 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

1994 -ലെ കേരളാപഞ്ചായത്ത് രാജ് ആക്ട് 166,177,254 വകുപ്പുകൾ പ്രകാരവും 2003 ലെ കേരളാപഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും ചട്ടങ്ങളും) പ്രകാരവുമുള്ള ദുരിതാശ്വാസനിധി നാളിതുവരെ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജീവിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന്

സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കിണർ റീ ചാർജിംഗ് -മാതൃകാ പ്രോജക്ട്

പ്രൊജക്ട് നം-56/17

നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

ആകെ അടങ്കൽ -400000

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രൊജക്ട് പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടിയുള്ള പരിശ്രമത്തിന്റെ ഭാഗമായിരുന്നു. നാല് ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച ടി പ്രോജക്ട് എൺപതു ഗുണഭോക്താക്കളെ പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നു. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താളെല്ലാം തന്നെ പദ്ധതി വിജയകരമായി നടപ്പിലാക്കി. കടുത്ത വരൾച്ച അനുഭവപ്പെട്ട പഞ്ചായത്തിൽ കിണർ റീ ചാർജിംഗ് നടത്തിയ എല്ലാവർക്കും തന്നെ വരൾച്ചയുടെ ആധിക്യം ഒരു പരിധി വരെയെങ്കിലും കുറക്കുന്നതിന് സാധിച്ചതായി മനസ്സിലാക്കാൻ കഴിഞ്ഞു. 5000 രൂപയാണ് ടി പദ്ധതി നടപ്പിലാക്കുന്നതിന് സബ്സിഡിയായി അനുവദിച്ചിരുന്നത്. കൃഷി ഓഫീസർ നടപ്പിലാക്കിയ ടി പദ്ധതി തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ ഭാഗങ്ങളിൽ നടപ്പാക്കിയാൽ പള്ളിക്കത്തോടുപോലെ ജലദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം ദീർഘകാലാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിന് കഴിയും. കൂടുതൽ ജല ക്ഷാമം നേരിടുന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകി പദ്ധതി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 3-2 ആർ.ഡി.ബി ലോൺ തിരിച്ചടവ്-ഗ്രാമപഞ്ചായത്ത് വൻ സാമ്പത്തിക ബാദ്ധ്യതയിൽ

20-08-1983 ൽ പണിപൂർത്തിയാക്കിയ വെയിറ്റിങ്ങ് ഷെഡ്/ഷോപ്പിങ്ങ് സെന്ററിനായി 91044/- രൂപയും 31-10-1984 ൽ പൂർത്തീകരിച്ച ഷോപ്പിങ്ങ് സെന്റർ/ ഓഫീസ് നിർമ്മാണത്തിനായി 579271/- രൂപയും ഗ്രാമപഞ്ചായത്ത് ആർഡിബിയിൽ നിന്നും ലോൺ എടുത്തിരുന്നു. പ്രസ്തുത ലോൺ തിരിച്ചടവിനായി ഗ്രാമപഞ്ചായത്ത് 10-2-10 വരെ 23,98,596/-രൂപ തിരിച്ചടച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തി കാണുന്നു. 13-4-12 ലെ GO(MS)102/2012/തസ്വഭവ ഉത്തരവ് പ്രകാരം KSRDBയുടെ ആസ്തി ബാദ്ധ്യതകൾ KURDFC യെ ഏൽപിച്ച് ഉത്തരവായിരുന്നു. പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് എടുത്തിട്ടുള്ള 474/A3/8/RDB നമ്പർ വായ്പ 23-11-12 മുതൽ റവന്യൂറിക്കവറിയിലാണെന്നും ഗ്രാമപഞ്ചായത്തിന്റെ 31-3-12 ലെ ബാദ്ധ്യത 76,27,988/-രൂപയാണെന്നും ഈ തുകയുടെ കൃത്യത ഉറപ്പാക്കി പ്രസ്തുത വിവരം KURDFCയെ 15 ദിവസത്തിനകം അറിയിക്കുന്നതിനും 27-7-12ലെ KURDFC/A2/271/2012 നം കത്ത് പ്രകാരം അറിയിച്ചിരുന്നു. എന്നാൽ അതിനും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും കൃത്യത ഉറപ്പുവരുത്തുവാൻ പ്രത്യേക നടപടികൾ ഒന്നും തന്നെ സ്വീകരിച്ചില്ലായെന്നും കാണുന്നു. 2014-15 മുതൽ 2016-17 വരെ ഗ്രാമപഞ്ചായത്ത് 13 ലക്ഷം രൂപ തിരിച്ചടച്ചിട്ടുണ്ട്. 31-3-17 ൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക 63,27,988രൂപയാണ്. ലോൺ തുകയുടെ 3 ഇരട്ടിയിലധികം തിരിച്ചടച്ചിട്ടും പലിശയും പിഴപലിശയുമുൾപ്പടെ ഭീമമായ തുക തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നത് ഗ്രാമപഞ്ചായത്തിന് വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നുണ്ട്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യത ഒഴിവാക്കുന്നതിന് നിയമനടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി 6/23-06-16നമ്പരായി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുന്നതിലേക്കായി ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഉണ്ടാവേണ്ടതുണ്ട്.

### 3-3 മഴക്കാല പൂർവ്വ ശുചീകരണം- സമ്പൂർണ്ണ ശുചിത്വയജ്ഞം വിഹിതം ഫണ്ട് കൈമാറ്റം സംബന്ധിച്ച്

മഴക്കാല പൂർവ്വ ശുചീകരണത്തിനായി ബിൽ നം.51600173/7.6.16 പ്രകാരം സമ്പൂർണ്ണശുചിത്വയജ്ഞം വിഹിതം 130000 രൂപ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ക്ക് നല്കിയിട്ടുണ്ട്. വൗച്ചറുകൾ പ്രകാരം 13 വാർഡുകളിൽ 10000 രൂപ വീതം സമ്പൂർണ്ണശുചിത്വയജ്ഞം വിഹിതം ചെലവഴിച്ചിട്ടുമുണ്ട്. വാർഡ് തല പഞ്ചായത്ത്അംഗം ചെയർമാനും ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ കൺവീനറുമായി രൂപീകരിക്കപ്പെടുന്ന വാർഡു തല സാനിറ്റേഷൻ സമിതിക്ക് ഫണ്ട് കൈമാറ്റം ചെയ്ത് നിർവ്വഹിക്കപ്പെടേണ്ട പ്രവൃത്തിയിൽ ഫണ്ട് മുഴുവനായും മെഡിക്കൽ ഓഫീസർക്ക് കൈമാറ്റം ചെയ്യുകയാണ് ഉണ്ടായത്. മെഡിക്കൽ ഓഫീസർ പിന്നീട് ഫണ്ട് സാനിട്ടേഷൻ കമ്മിറ്റിക്ക് കൈമാറുകയാണ് ചെയ്തത്. തുടർ വർഷങ്ങളിൽ ഫണ്ട് സാനിട്ടേഷൻ കമ്മിറ്റിക്ക് നേരിട്ട് കൈമാറാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-4 ആർ.ജി.പി.എസ്.എ. വിഹിതം തനത് ഫണ്ടിൽ അവശേഷിക്കുന്നു.

ആർ.ജി.പി.എസ്.എ.വിഹിതമായി 2013-14 വർഷം ലഭിച്ച 50,000/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നു. ആർ.ജി.പി.എസ്.എ. ഫണ്ട് വിനിയോഗിക്കേണ്ടത് ഏത് രീതിയിലാണ് എന്നത് സംബന്ധിച്ച യാതൊരു രേഖകളും ഫയലിലില്ല. ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ ടി തുക ബാദ്ധ്യതയായി അവശേഷിക്കുന്നു. തുക നൽകിയ സ്ഥാപനവുമായി വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ആരായേണ്ടതും വ്യക്തതയില്ലാത്ത പക്ഷം തുക അനുവദിച്ച വകുപ്പിന് തന്നെ തിരിച്ചടക്കേണ്ടതുമാണ്.

## 3-5 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റിന് നിക്ഷേപം --കുഴൽകിണർ സ്ഥാപിച്ചിട്ടില്ല.

31-1-15 ൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റിൽ 46163/- രൂപ നിക്ഷേപിച്ചിരുന്നു. തകിടിയേൽഭാഗത്ത് കുഴൽകിണർ നിർമ്മിക്കുന്നതിനാണ് ടി തുക നിക്ഷേപിച്ചത്. എന്നാൽ നാളിതുവരെ കുഴൽകിണർ സ്ഥാപിച്ചിട്ടില്ലായെന്ന് കാണുന്നു. കുഴൽകിണർ നിർമ്മാണത്തിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനെ സമീപിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 3-6 ഹെഡ് മാസ്റ്റർ ഗവൺമെന്റ് യു.പി സ്കൂൾ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

പ്രോജക്ട് നം.82/17
പ്രോജക്ട്-വായനമൂല-പുസ്തകംവാങ്ങൽ
ആകെ അടങ്കൽ – 50,000 - മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്
ചെലവ് – 50,000
ബിൽ നം. – 03/18.03.2017

പ്രോജക്ട് നം.219/17
പ്രോജക്ട്-വായനമൂല-പുസ്തകംവാങ്ങൽ
ആകെ അടങ്കൽ – 50,000 - മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്
ചെലവ് – 50,000
ബിൽ നം. – 04/28.03.2017

1. വായനമൂല-പുസ്തകം വാങ്ങൽ എന്നീ പദ്ധതികൾക്കായി അമ്പതിനായിരം രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ട്രഷറി ബിൽ മാത്രമേ ഫയലിൽ ലഭ്യമായിരുന്നുള്ളൂ. (ബിൽ.നം.03/17, 04/17) ടി പ്രോജക്ടിനുവേണ്ടി ഏത് പ്രസാധകരിൽ നിന്നാണ് പുസ്തകങ്ങൾ വാങ്ങിയത്, പുസ്തകങ്ങളുടെ എണ്ണം, ഏതെല്ലാം സ്കൂളുകൾക്കാണ് പുസ്തകങ്ങൾ അനുവദിച്ചത് എന്നതു സംബന്ധിച്ച വിവരങ്ങൾ ഒന്നും ലഭ്യമല്ല. നടപടിക്രമങ്ങൾ പാലിച്ചാണോ പ്രോജക്ടുകൾ നടപ്പാക്കിയത് എന്നും വ്യക്തമല്ല.
ടി വിഷയത്തിന് നൽകിയ അന്വേഷണക്കുറിപ്പിന് വിവിധ സ്കൂളുകൾക്ക് പത്രമാസികകളും ആനുകാലികങ്ങളും വാങ്ങുന്നതിന് തുക നൽകിയിരുന്നുവെന്നും മറ്റ് ബില്ലുകളും വൗച്ചറുകളും സൂക്ഷിച്ചിട്ടില്ലായെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകി. വിനിയോഗരേഖകൾ ലഭ്യമല്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ട് നം .220/17 (-ഗവൺമെന്റ് യു.പി സ്കൂൾ ആനിക്കാട് -ഇളമ്പള്ളി -ബഞ്ച് ഡസ്ക്ക് റിപ്പയറിംഗ്)

അടങ്കൽ-20000/-

ഈ പ്രോജക്ട് സംബന്ധിച്ച യാതൊരു രേഖകളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 20000 രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 കുട്ടമാവ് കുടിവെള്ളപദ്ധതി-മോട്ടോർ ഉപയോഗപ്പെടുത്തിയിട്ടില്ല

പ്രോ.നം 193/17 പ്രകാരം കുട്ടമാവ് കുടിവെള്ളപദ്ധതിക്കായി അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 49500/- ചെലവഴിച്ച് 10HP മോട്ടോർ വാങ്ങി സ്ഥാപിച്ചിരുന്നു. സ്ഥലപരിശോധനയിൽ നിലവിൽ ഉപയോഗിച്ച് വന്നിരുന്ന മോട്ടോർ പ്രവർത്തനക്ഷമമാണെന്ന് കാണുന്നു. ഉപയോഗിച്ച് വന്നിരുന്ന മോട്ടോറിന്റെ കേടുപാടുകൾ പരിഹരിച്ച് ഉപയോഗിക്കുന്നതിന് പകരം പുതിയ മോട്ടോർ വാങ്ങിയ നടപടി ശരിയല്ല. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 7)മറുപടിയായി ഉപയോഗിച്ച് വന്നിരുന്ന മോട്ടോർ കേടായ സാഹചര്യത്തിലാണ് പുതിയ മോട്ടോർ വാങ്ങിയതെന്നും പഴയ മോട്ടോർ കൂടി ഉപയോഗിക്കുന്നതിനായി പമ്പ്ഹൗസ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതായും അസിസ്റ്റന്റ് എഞ്ചിനീയർ വ്യകതമാക്കി. നിലവിൽ 2 മോട്ടോറുകൾ ഉപയോഗിക്കാവുന്ന സൗകര്യം പമ്പ് ഹൗസിനില്ല. പമ്പ്ഹൗസ് നിർമ്മാണം നടത്തി പഴയ മോട്ടോർ സ്ഥാപിക്കാത്തപക്ഷം ആയത് ഉപയോഗശൂന്യമായിത്തീരുന്ന അവസ്ഥയുണ്ടാവാൻ സാദ്ധ്യതയുണ്ട്. പ്രസ്തുത വിഷയത്തിൽ നപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേ ണ്ടതാണ്.

## 3-8 പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം--പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം (പ്രോജക്ട് നം.191/17) എന്ന പ്രോജക്ടിന്റെ ഇ-ടെൻഡറിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.അരവിന്ദ്.യു, ശിവവിലാസം എന്നയാളുടെ ടെൻഡർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചത് 26-11-2016 ന് ആണ്. എന്നാൽ ടിയാൻ കരാർ വച്ചിരിക്കുന്നത് 4-1-2017 ന് ആണ്. കരാർ വയ്ക്കുവാൻ കാലതാമസം നേരിട്ടതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം8) മറുപടിയായി ടെൻഡർ അംഗീകരിച്ച തീരുമാനം ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിക്കുവാൻ കാലതാമസം നേരിട്ടുവെന്നാണ് അറിയിച്ചത് . ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിക്കുവാൻ വൈകി എന്നതിനെ സാധൂകരിക്കുന്ന രേഖകളൊന്നും ഫയലില്ല. ആയത് ഹാജരാക്കേണ്ടതാണ്.

ജി.ഒ.(എംഎസ്)നം.362/2013തസ്വഭവ16-11-13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണപ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പ്രസ്തുത നിർദേശങ്ങൾക്ക് വിരുദ്ധമായി floor finishing, electrification, Plumbing എന്നിവ ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ഇത് ശരിയായ നടപടിയല്ല. നിലവിൽ രണ്ടാം ഘട്ട പ്രോജക്ടിന്റെ ഭാഗമായി ബാക്കി പണികൾ ഏറ്റെടുത്ത് ആരംഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ട് നം: S0041/17

(ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ)

ആകെ അടങ്കൽ- 70,000/-
നിർവ്വഹണ ഉദ്യോഗസ്ഥ – ഡോ.ഷെറീന, മെഡിക്കൽ ഓഫീസർ, ഹോമിയോ

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള മൈലാടിക്കര ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി മാനേജിങ് ഡയറക്ടർ, ഹോംകോ ആലപ്പുഴയ്ക്ക് ഡി.ഡി. നം.908214 തിയതി. 15.12.16 പ്രകാരം 70000/- രൂപ 23-12-2016-ൽ നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി (30.05.2017) വരെ മരുന്ന് ഡിസ്പെൻസറിയിൽ

എത്തിയിട്ടില്ല. എത്രയും വേഗം മരുന്ന് ലഭ്യമാക്കാൻ വേണ്ടനടപടികൾ സ്വീകരിക്കേണ്ടതും എത്തുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. മരുന്ന് ലഭ്യമാകുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 70,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

പ്രോജക്റ്റ് നം: S0046/17

(ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ)

ആകെ അടങ്കൽ- 1,50,000/-

നിർവ്വഹണ ഉദ്യോഗസ്ഥ – ഡോ.ഉഷാര വി., മെഡിക്കൽ ഓഫീസർ, ആയുർവേദം

പള്ളിക്കത്തോട് ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി മാനേജിങ് ഡയറക്ടർ ഔഷധി തൃശ്ശൂർ- ക്ക് ഡി.ഡി. നം.908855 തിയതി. 16.01.2017 പ്രകാരം 1,50,000/- രൂപ കൈമാറിയിരുന്നു. ഇൻ-വോയ്സ് നം. 2244/2016-17 തിയതി 28-02-17 പ്രകാരം 35723/- രൂപയുടെയും ഇൻ-വോയ്സ് നം. 2649/2016-17 തിയതി 31.03.17 പ്രകാരം 15989/- രൂപയുടെയും ആകെ 51712//- രൂപയുടെ മരുന്നുകൾ രണ്ട് തവണകളായി ലഭ്യമാക്കിയിട്ടുണ്ട് ബാക്കി 98,288/- രൂപയുടെ മരുന്നുകൾ എത്രയും വേഗം മരുന്ന് ലഭ്യമാക്കാൻ വേണ്ടനടപടികൾ സ്വീകരിക്കേണ്ടതും എത്തുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് രേഖകൾ സഹിതം ഓഡിറ്റിനായി ഹാജരാക്കേണ്ടതുമാണ്. ലഭിക്കാനുള്ള മരുന്നുകളുടെ വിലയായ 98,288/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 എം.ജി.എൻ.ആർ.ഇ.ജി.എസ്

തൊഴിലുറപ്പുമായി ബന്ധപ്പെട്ട് 2016-17 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2016-17 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 216 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. 60 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2016-17 വർഷം 15821 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 503 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തോട് ആഴംകൂട്ടൽ, ഐ.എ.വൈ, പട്ടുതാക്കളം നിർമ്മാണം, മഴക്കുഴി നിർമ്മാണം റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയത്. തൻവർഷത്തെ വരവ് ചെലവുവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ | 512 |
| വരവ് | 8952763 |
| പലിശ | 679 |
| ആകെ | 8953954 |
| ചെലവ് | 8953954 |
| നീക്കിയിരിപ്പ് | 0 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 645794 | ODF | 645794 | -0 |
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 75000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 75000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(മുതൽ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ആർ.ഡി.ബി ലോൺ | കെ.യു.ആർ.ഡി.എഫ്.സി /എ2/271/12/27.1.12 (revised interest) | 7627988 | 6727988 | 400,000 | --- | 6327988 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ക്രമ.നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1 | 2005-06<br>06-07 | 3-3,<br>3-3 | 2009-10<br>2-8 | കെഎസ്ഇബി നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് |
| 2 | 2005-06 | 3-8 | 2009-10<br>2-9 | മുൻകൂർ നൽകിയിട്ടും പദ്ധതി പൂർത്തീകരിക്കാത്തത് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 39918014.79 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33448284 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,88,288 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 1,20,000 | ശ്രീ.രവീന്ദ്രൻ, ഹെഡ് മാസ്റ്റർ |
| 3-9 | 70000 | ഡോ.ഷെറീന, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-10 | 98,288 | ഡോ.ഉഷാര.വി, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| ആകെ | 2,88,288 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | എൽ.എഫ്.കെ.പി.4-1680/07/8.9.2009 | |
| 2002-2003 ചെലവ് | എൽ.എഫ്.കെ.പി.4-377/08/29.6.2009 | |
| 2003-2004 ചെലവ് | എൽ.എഫ്.കെ.പി.6-210/06/18.10.2006 | 19 |
| 2002-2003 വരവ് | എൽ.എഫ്.കെ.പി.4-1682/07/8.9.2009 | |
| 2003-2004 വരവ് | എൽ.എഫ്.കെ.പി.12-16/14/13.12.2014 | 2 |
| 2004-2005 വരവ് | എൽ.എഫ്.കെ.പി.4-1684/07/21.2.2011 | 1 |
| 2004-2005 ചെലവ് | എൽ.എഫ്.കെ.പി.1-190/അദാ.സി1/11/21.12.2011 | 6 |
| 2005-2006 | എൽ.എഫ്.കെ.പി.1-960/അദാ.ഡി2/11(1)/22.8.2011 | 3 |
| 2006-2007 | എൽ.എഫ്.കെ.പി.1-960/അദാ.ബി1/11/22.8.2011 | |
| 2007-2008 | എൽ.എഫ്.കെ.പി.1-823/25.08.16/29.08.16 | 4 |
| 2008-2009 | എൽ.എഫ്.കെ.പി.1-824/25.08.16/29.08.16 | 9 |
| 2009-2010 | എൽ.എഫ്.കെ.പി.12/825/25.08.16 | 9 |

| | | |
|---|---|---|
| 2010-2011 | എൽ.എഫ്.കെ.പി.12/826/25.08.16 | |
| 2011-2012 | എൽ.എഫ്.കെ.പി.12/827/25.08.16 | 10 |
| 2012-2013 | എൽ.എഫ്.കെ.പി.12/828/25.08.16 | 19 |
| 2013-14 & 2014-15 | കെഎസ്എ-കെടിഎം.പി.12-657/16/12.08.16 | 17 |
| 2015-16 | കെഎസ്എ-കെടിഎം.പി.12-1/17/30.12.16 | 44 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ-കെടിഎം.പി.13-818/17 തീയതി: 05.06.2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: **04812564886**
ഇ-മെയിൽ: **doktm.ksad@kerala.gov.in**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം